File No.FWLD-E3/142/2018-FWLD

# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4078 25/06/2018- ൽ മറുപടിയ്ക്ക്

## അശാസ്ത്രീയമായ സാമൂഹിക വനവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | അശാസ്ത്രീയമായ സാമൂഹിക വനവൽക്കരണം പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കിയതായി പരിസ്ഥിതി ധവള പത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; | എ | അശാസ്ത്രീയമായ സാമൂഹിക വനവൽക്കരണം പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | പരിസ്ഥിതിക്ക് ദോഷം വരുത്തുന്ന അക്കേഷ്യ, മാഞ്ചിയം, ഗ്രാന്റിസ് തുടങ്ങിയ വൃക്ഷങ്ങൾ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി വച്ചുപിടിപ്പിക്കാതെ നമ്മുടെ നാട്ടിന് അനുയോജ്യമായ ഫലവൃക്ഷങ്ങൾ വച്ച്പിടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ? | ബി | സാമൂഹിക വനവൽക്കരണ പദ്ധതി പ്രകാരം നിലവിൽ അക്കേഷ്യ, മാഞ്ചിയം, ഗ്രാന്റിസ് തുടങ്ങിയ വൃക്ഷത്തൈകൾ ഇപ്പോൾ വച്ചുപിടിപ്പിക്കുന്നില്ല. ഹരിതകേരളം, നമ്മുടെ മരം, എന്റെ മരം എന്നീ പദ്ധതി പ്രകാരം ഫലവൃക്ഷങ്ങളായ പ് ളാവ്, മാവ്, നെല്ലി, പേര, മാതളം, മുള്ളാത്ത, അരിനെല്ലി, ബദാം, ചെറു നാരകം, കുടംപുളി, മുരിങ്ങ, ്ഞാവൽ, പുളി, റംപുട്ടാൻ, സപ്പോട്ട, സീതപ്പഴം, , ജാതി, ചാമ്പ തുടങ്ങിയ ഫലവൃക്ഷത്തൈകളും ലക്ഷ്മിതരു, വേപ്പ്, രക്തചന്ദനം, , അശോകം തുടങ്ങിയ ഔഷധ സസ്യത്തൈകളും, പൂമര വൃക്ഷങ്ങളായ കണിക്കൊന്ന, മന്ദാരം, രാജമല്ലി, ഗുൽമോഹർ, ചമത, ചമ്പകം, ജക്രാന്ത, ടെക്കോമ എന്നിവയുടെ തൈകൾ കൂടാതെ തേക്ക്, ഈട്ടി ചന്ദനം, മഹാഗണി, ഇലഞ്ഞി, ആഞ്ഞിലി, പൂവരശ്, താന്നി, ഉങ്ങ്, വേങ്ങ വെള്ളകിൽ തുടങ്ങിയ വൃക്ഷത്തൈകളും ഉൽപ്പാദിപ്പിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ എന്നിവർക്ക് വച്ചുപിടിപ്പിക്കാനായി വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ